# 272

എന്തതിശയമേ! ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ! - അതു
ചിന്തയിലടങ്ങാ-സിന്ധുസമാനമായ്
സന്തതം കാണുന്നു ഞാൻ

1 ദൈവമേ! നിൻമഹാസ്നേഹമിതിൻ വിധം
ആർക്കു ഗ്രഹിച്ചറിയാം- എനി
ക്കാവതില്ലേയതിൻ ആഴമളന്നിടാൻ എത്ര ബഹുലമതു!-

2 ആയിരമായിരം നാവുളാലതു
വർണ്ണിപ്പതിന്നെളുതോ - പതി
നായിരത്തിങ്കലൊരംശം ചൊല്ലിടുവാൻ പാരിലസാദ്ധ്യമഹോ!-

3 മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന - ഏക
ജാതനാമേശുവെ പാതകർക്കായ് തന്ന സ്നേഹമതിശയമേ-

4 പത്താൽ നിന്നെ ഞാൻ വേദിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ് - സ്നേഹ
വാപിയേ നീയെന്നെ സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു

5 ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ - എന്നെ
കേവലം സ്നേഹിച്ചു പാലിച്ചിടും തവ
സ്നേഹമതുല്യമഹോ!- **P.V.T.**